# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 26895/AD A1/3/എ ഡി എ 1/AD A 1

തീയതി: 15.06.2023

## സർക്കുലർ

വിഷയം:- FCC സെക്ഷനിൽ സമർപ്പിക്കുന്ന പ്രതിമാസ ഹാജർ സാക്ഷ്യപത്രങ്ങളിലെ (Monthly absentee statement) അവധി വിവരങ്ങളിൽ കൃത്യത പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 40769/FC C-1/2023/FCC S നമ്പർ ഫയലിൽ വൈസ് ചാൻസലറുടെ 07.06.2023 തീയതിയിലെ ഉത്തരവ്.

സെക്ഷനുകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ ഹാജർ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് FCC സെക്ഷനിൽ നിന്നും ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ടി സാക്ഷ്യപത്രങ്ങളിൽ ജീവനക്കാരുടെ അവധി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതെ FCC സെക്ഷനിൽ ലഭിക്കുന്നത് ശ്രദ്ധയിൽപെട്ടിരിക്കുന്നു. പ്രതിമാസ ഹാജർ സാക്ഷ്യപത്രങ്ങളിൽ ആർജ്ജിതാവധി, പരിവർത്തിതാവധി എന്നിവ രേഖപ്പെടുത്തി FCC സെക്ഷനിൽ സമർപ്പിക്കുകയും, തുടർന്ന് ജീവനക്കാർ സമർപ്പിക്കുന്ന അവധി അപേക്ഷകൾ, ബന്ധപ്പെട്ട എ.ഡി. സി. സെക്ഷനുകൾ പരിശോധിക്കുമ്പോൾ, ആർജ്ജിതാവധി, പരിവർത്തിതാവധി എന്നിവ ക്രെഡിറ്റിൽ ഇല്ലാത്ത ജീവനക്കാർക്ക് ആയത് അർദ്ധവേതനാവധി, ശൂന്യവേതനാവധി എന്നിവയാക്കി മാറ്റേണ്ടി വരുന്നതായും കാണുന്നു. തന്മൂലം അധികമായി നൽകിയ ശമ്പളം അടുത്ത മാസങ്ങളിലെ ശമ്പളത്തിൽ നിന്നും തിരിച്ചുപിടിക്കേണ്ട സ്ഥിതിയുണ്ടാകുന്നു. കൂടാതെ, ശരിയായ അവധി വിവരങ്ങൾ രേഖപ്പെടുത്തി നൽകാത്ത ജീവനക്കാരുടെ ശമ്പളം പ്രോസസ്സ് ചെയ്യുമ്പോൾ മറ്റു ജീവനക്കാരുടെ ഒപ്പം ടിയാളുകളുടെ ശമ്പളം പ്രോസ്സസ് ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഇത് FCC സെക്ഷന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ആയതിനാൽ, ഇത്തരത്തിൽ ഉള്ള സാഹചര്യം ഒഴിവാക്കുന്നതിനായി ജീവനക്കാർ ലീവ് അപേക്ഷ സമർപ്പിക്കുമ്പോൾ രേഖപ്പെടുത്തുന്ന ലീവ് അവരവരുടെ അക്കൗണ്ടിൽ ക്രെഡിറ്റിൽ ഉള്ളതാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ പ്രതിമാസ ഹാജർ സാക്ഷ്യപത്രങ്ങൾ നൽകുമ്പോൾ കൃത്യവും, വ്യക്തവുമായ അവധി വിശദാംശങ്ങളും അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ പോലെയുള്ള വിവരങ്ങളും രേഖപ്പെടുത്തി നൽകേണ്ടതാണ്.

ഒപ്പ്

**ഷിജി സെബാസ്റ്റ്യൻ വി**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ, ഡിപ്പാർട്ട്മെൻറുകൾ, സ്കൂളുകൾ
2. വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
5. ജോയിൻറ് ഡയറക്ടർ -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ്/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി./ ഐ.ടി. സെൽ 1/2
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #205 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 15-Jun-2023 12:44 PM - Page 1